(ഡി) 1930-1932-ൽ ഗ്രൗട്ടിംഗും 1935-ൽ മുൻഭാഗത്ത് ഗുണൈറ്റിംഗും നടത്തി. 1964-ൽ ഇരു സംസ്ഥാനങ്ങളിലെയും എഞ്ചിനീയർമാർ കൂട്ടായി ഡാം പരിശോധന നടത്തി, കൂടിയ ജലവിതാനം 155 അടിയിൽ നിന്നും 152 അടിയായി കുറച്ചു. 1978-ൽ രണ്ടു സംസ്ഥാനങ്ങളിലെയും കേന്ദ്ര ജലവിഭവ കമ്മീഷന്റെയും ഉദ്യോഗസ്ഥൻമാർ വീണ്ടും പരിശോധന നടത്തി പൂർണ്ണ ജലവിതാനം +145 അടിയാക്കി. 25-11-1979-ൽ നടത്തിയ പരിശോധനയിൽ +136 അടിയാക്കി ജലവിതാനം കുറച്ചു. 23-11-1979-ൽ കേന്ദ്ര ജലവിഭവ കമ്മീഷൻ ചെയർമാനും ഇരു സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥരും ഡാം സന്ദർശിച്ചശേഷം അടിയന്തിര നടപടികൾക്ക് രൂപം നൽകുകയും ഈ പണികളെല്ലാം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പണികളിൽ അടിയന്തിര നടപടിയായി ഡാമിന് ആർ.സി.സി. ക്യാപീങ്ങ് നടത്തി. ജലവിതാനം നിയന്ത്രിക്കാൻ അധികമായി 3 സ്പിൽവേകൾ നിർമ്മിച്ചു. ഹ്രസ്വകാല നടപടിയായി ഡാമിൽ രൂപം കൊള്ളുന്ന ടെൻഷൻ കുറയ്ക്കാൻ ഹൈടെൻഷൻ കേബിൾ ഉപയോഗിച്ച് ഡാം സെക്ഷനിൽ ആങ്കറിംഗ് നടത്തി. ദീർഘകാല നടപടിയുടെ ഭാഗമായി ഡാമിന്റെ പിൻഭാഗം കോൺക്രീറ്റ് ചെയ്തു. ഈ കോൺക്രീറ്റിന്റെ അകവശത്തായി +10 അടി, +45 അടി എന്നീ എലിവേഷൻ ലെവലുകളിൽ 2 ഡ്രെയിനേജ് ഗ്യാലറികൾ നിർമ്മിച്ച് ഭാവിയിൽ ഗ്രൗട്ടിംഗ് നടത്താൻവേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. കൂടാതെ വിവിധ കമ്മിറ്റികൾ റിപ്പോർട്ട് ചെയ്ത ചോർച്ചകൾ 'ഇപ്പോക്സി' വച്ച് അടച്ച് തടഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം റീമിംഗ് നടത്തി ചോർച്ച മാറ്റിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) കാലാകാലങ്ങളിൽ അടഞ്ഞിരിക്കുന്ന ഡ്രെയിൻ ഹോളുകൾ 'റീം' ചെയ്യുക, സിമന്റ് വന്ന് അടഞ്ഞിരിക്കുന്ന 'ഡ്രെയിൻ ഹോളുകൾ' 'റീഡ്രിൽ' ചെയ്യുക, അടഞ്ഞിരിക്കുന്ന 'സീപ്പേജ്' ഹോളുകൾ വൃത്തിയാക്കുക, സീപ്പേജ് പരിധിയിലധികമാണെങ്കിൽ 'ഗുണൈറ്റിംഗ്' നടത്തുക എന്നിവയാണ് നടത്തേണ്ട പണികൾ. കൂടാതെ ഡാമിൽ ചോർച്ച ഉണ്ടാകാതിരിക്കാൻ ഡാമിലെ ജലനിരപ്പ് +136 അടിയിൽ നിന്നും ഉയർത്തുവാൻ അനുവദിക്കരുത് എന്ന് സുപ്രീം കോടതിയിൽ ഫയൽ ചെയ്ത അഫിഡവിറ്റിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

അരുവിക്കര ഡാമിന്റെ ശോചനീയാവസ്ഥ

37 [1820] ശ്രീ. കെ. എ. ചന്ദ്രൻ:

" എൻ. ശക്തൻ:

" ജോർജ് ജെ. മാത്യു:

" സി. പി. മുഹമ്മദ്:

" വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയുടെ ശുദ്ധജല സ്രോതസ്സായ അരുവിക്കര ഡാമിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മണ്ണും ചെളിയും നീക്കം ചെയ്യാത്തതുമൂലം പ്രസ്തുത ഡാമിന്റെ സംഭരണ ശേഷിയിൽ കുറവ് വന്നിട്ടുണ്ടോ;

(സി) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി അരുവിക്കര ഡാമിന്റെ പുനരുദ്ധാരണത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) അരുവിക്കര ഡാമിന്റെ വൃഷ്ടി പ്രദേശത്ത് എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയാണെന്ന് അറിയിക്കുമോ;

(ഇ) ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അരുവിക്കര ഡാമിന്റെ പുനരുദ്ധാരണം ജെ.ബി.ഐ.സി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) .ഇപ്പോൾ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ ഒന്നും പരിഗണനയിലില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

റിവർ മാനേജ്മെന്റ് ഇനത്തിൽ തുക ചെലവഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

38 [1821] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഇനത്തിൽ ഇതുവരെ എന്ത് തുക ശേഖരിച്ചു എന്ന് വ്യക്തമാക്കാമോ; ഈ തുക ചെലവഴിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്;

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പുഴകളുടെ സംരക്ഷണത്തിന് എന്ത് തുക വീതം ചെലവഴിച്ചു;

(സി) റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നതിന് അതാത് ജില്ലകളിലെ പുഴയൊഴുകുന്ന മണ്ഡലത്തിലെ എം.എൽ.എ.-മാരുടെ അഭിപ്രായം പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly